**പതിനാലാം കേരള നിയമസഭ**
**പതിനാറാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം. 6560

21.11.2019- ൽ
മറുപടിയ്ക്ക്

**ചെറുവത്തൂർ പഞ്ചായത്തിലെ കൈവശക്കാർക്ക് പട്ടയം**

ചോദ്യം
ശ്രീ.എം.രാജഗോപാലൻ

മറുപടി.
ശ്രീ.ഇ.ചന്ദ്രശേഖരൻ
(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)

| ചോദ്യം | മറുപടി |
| --- | --- |
| കാസർഗോഡ് ജില്ലയിലെ ചെറുവത്തൂർ പഞ്ചായത്തിലെ പുഴ പുറമ്പോക്കുകളിൽ വർഷങ്ങളായി ജീവിച്ചുവരുന്ന കൈവശക്കാർക്ക് പട്ടയം ലഭ്യമാക്കാനുള്ള നടപടികൾ ഇപ്പോൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ? | കാസർഗോഡ് ജില്ലയിൽ ചെറുവത്തൂർ പഞ്ചായത്തിലെ പുഴ പുറമ്പോക്കിൽ താമസിക്കുന്ന 67 കൈവശക്കാർക്ക് കൈവശഭൂമി പതിച്ച നൽകുന്നതിനായി ലാൻഡ് റവന്യൂ കമ്മീഷണർ സമർപ്പിച്ച റിപ്പോർട്ട് 154/എൽ4/17/റവ നമ്പർ ഫയലിൽ സർക്കാർ പരിശോധിക്കുകയും ഇക്കാര്യത്തിൽ ജില്ലാ കളക്ടറോട് ചില അധിക വിവരങ്ങൾ ആരാഞ്ഞിരിക്കുകയുമാണ്.<br>1964-ലെ കേരള ഭൂമി പതിവ് ചട്ടങ്ങൾ പ്രകാരം പുഴ പുറമ്പോക്ക് പതിവിന് വിധേയമല്ലാത്തതാകുന്നു. പ്രസ്തുത വസ്തു പുഴ പുറമ്പോക്ക് ആയതിനാൽ ആയതിന്റെ സംരക്ഷണ ചുമതലയുള്ള തദ്ദേശസ്വയം ഭരണ വകുപ്പിൽ നിന്നും നിരാക്ഷേപപത്രം ലഭ്യമാക്കി സമർപ്പിക്കുവാനും കൂടാതെ ടി കുടുംബങ്ങളുടെ പുനരധിവാസത്തിന് ലൈഫ് മിഷൻ പോലുള്ള പദ്ധതികളിൽ ഉൾപ്പെടുത്തുന്ന കാര്യം പരിശോധിക്കുവാനും 67 കുടുംബങ്ങൾക്ക് കൈവശമുള്ളതായി കണക്കാക്കിയിരിക്കുന്ന സാഹചര്യത്തിൽ ഓരോ കുടുംബത്തിന്റെ കൈവശം പരിശോധിച്ച് അളന്ന് തിട്ടപ്പെടുത്തി വിശദമായ പ്രൊപ്പോസൽ സമർപ്പിക്കാനും ലാൻഡ് റവന്യൂ കമ്മീഷണർ ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുമുണ്ട്. ഇക്കാര്യത്തിൽ ജില്ലാ കളക്ടറോട് ആവശ്യപ്പെട്ട വിവരങ്ങളും ലാൻഡ് റവന്യൂ കമ്മീഷണറിൽ നിന്നും പ്രൊപ്പോസലും ലഭിക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കാവുന്നതാണ്. |

**സെക്ഷൻ ഓഫീസർ**